<u>അറിയിപ്പ്</u>

<u>മി. സ്പീക്കർ</u>: റൂൾ 50 പ്രകാരം ഇന്ന് രാവിലെ ഒരു നോട്ടീസ് ചെയറിന് ലഭിച്ചിരുന്നു. അടിയന്തരപ്രാധാന്യമുള്ള വിഷയങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടി അടിയന്തരപ്രമേയം അവതരിപ്പിക്കാനുള്ള അനുമതി തേടിക്കൊണ്ടുള്ള ആവശ്യമാണ് റൂൾ 50. എന്നാൽ നിമിഷങ്ങൾക്കകം അത് പിൻവലിക്കുന്നതായി അറിയിച്ചിരിക്കുകയാണ്. അടിയന്തരപ്രാധാന്യമുള്ള വിഷയത്തിന് നോട്ടീസ് നല്കിയതിനുശേഷം അത് പിൻവലിക്കുന്നത് ഖേദകരമാണെന്ന് ചെയർ അറിയിക്കുന്നു. ഈ പ്രവണത ആവർത്തിക്കാതിരിക്കുന്നത് നല്ലതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, 11 ലക്ഷത്തോളം വരുന്ന റബ്ബർ കർഷകരുടെ പ്രശ്നമാണ് ഈ സഭയിൽ കൊണ്ടുവരാൻ ബഹുമാനപ്പെട്ട മാണിസാർ തയ്യാറായത്. എന്നിട്ട് അത് പിൻവലിക്കുക എന്നുപറയുന്നത് റബ്ബർ കർഷകരോട് ചെയ്യുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. ബഹുമാനപ്പെട്ട സ്പീക്കർ അതുൾപ്പെടെ

പരാമർശിക്കേണ്ടതാണ്. .........(ബഹളം)...............

ശ്രീ. സി. എഫ്. തോമസ് : ആരോഗ്യപരമായ കാരണത്താലാണ് പ്രസ്തുത നോട്ടീസ് നാളത്തേക്ക് പരിഗണിക്കണമെന്ന റിക്വസ്റ്റ് തന്നത്. (.......... ബഹളം...............)

മി. സ്പീക്കർ: പ്ലീസ്....... പ്ലീസ്.......... .രാവിലെ 7.30-നാണ് നോട്ടീസ് കിട്ടുന്നത്. 7.30-നുശേഷമാണ് ഉണ്ടായതെങ്കിൽ അത് പരിശോധിക്കാം. പ്ലീസ്........ പ്ലീസ്................. ഇരിക്കൂ..... ഇരിക്കൂ....... സഭാനടപടികൾ ആരംഭിച്ചതിനുശേഷമാണ് ചെയറിന് ഈ കുറിപ്പ് കിട്ടുന്നത്. അത് ശരിയായില്ലായെന്നാണ് അറിയിച്ചത്. പ്ലീസ്........ ദയവായിട്ട് ഇരിക്കൂ.......

ശ്രീ. കെ. രാജൻ, അങ്ങേയ്ക്ക് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കാം.